(ഇ) ഈ പദ്ധതിയിൽ നിന്നും ശുദ്ധജലവിതരണം നടത്തുന്നുണ്ട്. എന്നാൽ വേനൽക്കാലത്ത് ഉറവിടത്തിന്റെ അപര്യാപ്തതമൂലവും, കൊടുവള്ളി ഭാഗത്തെ കൂടിയ ഉപഭോഗം മൂലവും കിഴക്കോത്ത് പഞ്ചായത്തിലും മടവൂർ പഞ്ചായത്തിൽ ഭാഗികമായും കുടിവെള്ളം എത്തിക്കുവാൻ സാധിക്കുന്നില്ല.

(എഫ്)ഉണ്ട്.

(ജി) പുതൂർ പുഴയിൽ കൊടുവള്ളിക്കടവിൽ നിലവിലുള്ള റൂറൽ വാട്ടർ സപ്ലൈ സ്കീമിന്റെ കിണറിൽ നിന്നും 40 എച്ച്.പി. രണ്ട് മോട്ടോർ ഉപയോഗിച്ച് നിലവിലുള്ള കിഴക്കോത്ത് ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്ത് നിലവിലുള്ള ഡിസ്ട്രിബ്യൂഷൻ പൈപ്പ് വഴി വിതരണം ചെയ്യാനാണ് നിർദ്ദേശം. ഈ നിർദ്ദേശം നടപ്പിലാക്കാൻ ഏകദേശം 25 ലക്ഷം രൂപയോളം ചെലവ് വരുന്നതാണ്.

(എച്ച്) ഇതിനാവശ്യമായ പണവും സാധനസാമഗ്രികളും കണ്ടെത്തി എത്രയും വേഗം പ്രാവർത്തികമാക്കാൻ നടപടിയെടുക്കുന്നതാണ്.

(ഐ) 25 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കി പരിശോധിച്ചു വരുന്നു.

(1840) കുടിവെള്ള പദ്ധതികൾക്ക് ആവശ്യമായ പൈപ്പ്

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളം എത്തിക്കാൻ സർക്കാർ നടപ്പിലാക്കി വരുന്ന മിക്ക പദ്ധതികളും പൈപ്പ് ലഭിക്കാത്തതുകൊണ്ട് സ്തംഭനാവസ്ഥയിലാണ് എന്നത് സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതികൾക്ക് ആവശ്യമായ പൈപ്പ് എത്രയാണ്; ഇതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണ്;

(സി) സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ശുദ്ധജലവിതരണ പദ്ധതികളിൽ പലതും തകരാറിലാകുന്നത് ഗുണമേന്മയില്ലാത്ത പൈപ്പുകൾ ഉപയോഗിക്കുന്നതുമൂലമാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) പൈപ്പിന്റെ ഉപയോഗവും പൈപ്പ് വാങ്ങുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ചുള്ള വാട്ടർ അതോറിറ്റിയുടെ ഇപ്പോഴത്തെ നയം എന്താണ്; ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) പൈപ്പ് ലഭിക്കാത്തതുകൊണ്ട് ചില പദ്ധതികളുടെ പണി സ്തംഭനാവസ്ഥിയിലാണ് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾക്ക് 280 കോടി രൂപയുടെ വിവിധയിനം പൈപ്പുകൾ ആവശ്യമുണ്ട്. ഇതിൽ 50 കോടി രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly

വിവിധയിനം പൈപ്പുകൾ ബഡ്ജറ്റിനനുസൃതമായി വാങ്ങാൻ നടപടിയെടുത്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി) ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ശുദ്ധജലവിതരണ പദ്ധതികളിൽ ഐ.എസ്.ഐ. മുദ്രയുള്ള പൈപ്പുകളാണ് ഉപയോഗിക്കുന്നത്. എങ്കിലും ചില കമ്പനികൾ തന്ന പൈപ്പുകളിൽ ചിലത് ഗുണമേന്മയില്ല എന്ന് കാണുന്നുണ്ട്. ആയവ കമ്പനികളുടെ ചെലവിൽ മാറ്റാനും മാറ്റിയിടാനും നടപടിയെടുത്തിട്ടുണ്ട്.

(ഡി) സ്ഥലത്തിന്റെ ലഭ്യതയും പദ്ധതികളുടെ പുരോഗതിയും ബഡ്ജറ്റ് പ്രൊവിഷനും അനുസരിച്ച് പൈപ്പുകൾ വാങ്ങി ഉപയോഗിക്കുക എന്നതാണ് അതോറിറ്റിയുടെ നയം. പൈപ്പുകൾ വാങ്ങുന്നതിന് കാലതാമസം ഉള്ളതിനാൽ റേറ്റ് കോൺട്രാക്ട് പ്രകാരം പൈപ്പുകൾ വാങ്ങുന്ന രീതി നടപ്പിലാക്കാമോ എന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു. നിലവിലുള്ള നിയമമനുസരിച്ച് ഒരു കോടി രൂപയിൽ കൂടുതൽ ഉള്ള പൈപ്പുകൾ വാങ്ങുന്നതിന് മുൻകൂർ അനുവാദം നൽകേണ്ടത് ആവശ്യമാണ്. ഇതു കാലതാമസമുണ്ടാക്കുന്നു. ഇതൊഴിവാക്കാൻ പരിധി 5 കോടി രൂപയായി ഉയർത്തുന്ന കാര്യവും സർക്കാർ പരിശോധിച്ചു വരുന്നു.

(1841) സംസ്ഥാനത്തെ ജലശേഖരം

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും ഖനിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈവർഷം കാലവർഷത്തിന്റെ അവസാനം ഏകദേശം എത്ര ക്യൂബിക് മീറ്റർ വെള്ളം ശേഖരിക്കാൻ സാധിച്ചു;

(ബി) കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് ഈവർഷം കൂടുതൽ വെള്ളം ശേഖരം ഉണ്ടായിട്ടുണ്ടോ;

(സി) കേരളത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് മഴ അവസാനിച്ച് ഒന്നോ രണ്ടോ മാസത്തിനകം ശുദ്ധജലം അടക്കം ജലത്തിന് ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളുടെ വിസ്തീർണ്ണം ഏകദേശം എത്രയാണ്;

(ഡി) സംസ്ഥാനത്ത് ഒരുവർഷം ജലസേചനപദ്ധതികൾ വഴി എത്ര ഏക്കർ സ്ഥലം കൃഷിചെയ്യാൻ സാധിക്കുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ഇ) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എത്ര ഏക്കർ സ്ഥലത്ത് പുതിയ ജലസേചനപദ്ധതികൾ വഴി ജലസേചനം ഏർപ്പെടുത്താൻ സാധിച്ചു;

(എഫ്) സംസ്ഥാനത്തെ നദീജലത്തിന്റെ എത്ര ശതമാനം ജലസേചനം വഴി കൃഷിക്ക് ഉപയുക്തമാക്കാം എന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) 1565.03 മില്യൺ ക്യൂബിക് മീറ്റർ വെള്ളം ശേഖരിക്കാൻ കഴിഞ്ഞു.

(ബി) ഉണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly